# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 5833 — 05/07/2013 ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ഊരുകളെ മെയിൻ റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ. കെ. ബാലൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്** **(പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകിയ അട്ടപ്പാടിയിലെ മൂലഗംഗ-വച്ചുമതി-വെള്ളംകുളം ഊരുകളെ മെയിൻ റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ ; | (എ) & (ബി) & (സി) & (ഡി) | വരഗംപാടി-മൂലഗംഗാൾ റോഡിന്റെ കി.മീ 0/000 മുതൽ 5/985 വരെയുള്ള 182 ലക്ഷം രൂപയുടെ പ്രവൃത്തി കരാറുകാരനായ ശ്രീ. ആർ. ജയകൃഷ്ണൻ ഏറ്റെടുത്തിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനെ തുടർന്ന് കരാറുകാരനെ പ്രവൃത്തിയിൽ നിന്നും "റിസ്ക് & കോസ്റ്റിൽ" ഒഴിവാക്കിയിട്ടുണ്ട്. ഇതിന്റെ 51,02,228 രൂപയുടെ പാർട്ട് ബില്ല് കരാറുകാരന് നൽകിയിട്ടുണ്ട്. ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എത്ര രൂപയുടേതായിരുന്നു എസ്റ്റിമേറ്റ് ; ആരെല്ലാമായിരുന്നു കരാറുകാർ ; ഇവർ പണി പൂർത്തീയാക്കിയിട്ടുണ്ടോ ; ഇവരുടെ ബിൽ തുക മാറി നൽകിയിട്ടുണ്ടോ ; | | വരഗംപാടി-മൂലഗംഗാൾ റോഡിന്റെ കി.മീ 5/985 മുതൽ 10/300 വരെയുള്ള 185 ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തി കരാറുകാരനായ ശ്രീ. ജോയ് ചെറിയാൻ, മൂവാറ്റുപുഴ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ട്. |
| (സി) | പണി പൂർത്തീകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (ഡി) | പണി പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ